# കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ ( മാർക്സിസ്റ്റ് )

## തൃശ്ശൂർ ജില്ലാ കമ്മിറ്റി


അഴീക്കോടൻ സ്മാരക മന്ദിരം
മന്നത്ത് ലെയിൻ
എം.ജി. റോഡ്. തൃശ്ശൂർ

ഫോൺ.2335316, 2335191
ഫാക്സ്: 2323109
Email: cpimtsrdc@gmail.com


**പ്രസിദ്ധീകരണത്തിന്**

ശനിയാഴ്ച്ച സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ മാസ്റ്റർ പങ്കെടുത്ത് ചേർന്ന സിപിഐ(എം) ജില്ലാ സെക്രട്ടേറിയറ്റ് യോഗം സംബന്ധിച്ച് ചില മാധ്യമങ്ങളിൽ വന്ന വാർത്ത അടിസ്ഥാന രഹിതമാണ്.

'ഒറ്റുകാരാകരുതെന്ന് സംസ്ഥാന സെക്രട്ടറി ജില്ലാ നേതാക്കളെ താക്കീത് ചെയ്തു' എന്ന് പല മാധ്യമങ്ങളിലും വാർത്തയായി വന്നിരിക്കുന്നു.ഇത് കഥകൾ മെനയുന്നവരുടെ ഭാവനാസൃഷ്ടി മാത്രമാണ്.സെക്രട്ടേറിയറ്റ് യോഗത്തിൽ ചർച്ച ചെയ്യുകയോ നേതാക്കൾ പറയുകയോ ചെയ്യാത്ത കാര്യങ്ങൾ വാർത്തയായി വരുന്നത് സത്യാനന്തര കാലത്തെ മാധ്യമ പ്രവണതകളുടെ ഭാഗമാണ്.

കോൺഗ്രസ്-ബിജെപി പാർടികളുടെയും കേന്ദ്ര ഏജൻസികളുടെയും കടന്നാക്രമണങ്ങളെ രാഷ്ട്രീയവും നിയമപരമായും നേരിടുന്നതിന് എടുക്കേണ്ട കാര്യങ്ങൾ മാത്രമാണ് സെക്രട്ടേറിയറ്റ് ചർച്ച ചെയ്തത്.ജനകീയ ക്യാമ്പയിന് പാർടി രൂപം നൽകുകയും ചെയ്തിട്ടുണ്ട്. വസ്തുത ഇതായിരിക്കെ ഏതോ കേന്ദ്രം ഉൽപ്പാദിപ്പിച്ച തെറ്റായ ആശയം വാർത്തയായി നൽകിയ നടപടി അനുചിതമാണ്.

**എം.എം.വർഗ്ഗീസ്**
ജില്ലാ സെക്രട്ടറി